മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

2013 യു.ജി-സി.ബി.സി.എസ്.എസ്. ബിരുദ റഗുലേഷനിൽ - റാങ്ക് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് - ഭേദഗതി വരുത്തുന്നത് - അക്കാദമിക്ക് കൗൺസിൽ യോഗം അംഗീകരിച്ച് - ഉത്തരവാകുന്നു .

==================================================================

**ലെജിസ്ലേഷൻ**

സ. ഉ. നം : 8245 /എൽ /അക്കാദമിക്ക് /2018 പി ഡി ഹിൽസ്, 23 /11/2018

==================================================================

പരാമർശം : 1. 23.08.2018 ലെ വൈസ് ചാൻസിലറുടെ ഉത്തരവ്.

2. 29.09.2018ലെ അക്കാദമിക്ക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നം : 194/Ac.18/185233

**ഉത്തരവ്**

2013 യു ജി-സി. ബി. സി. എസ്. എസ്. ബിരുദ പരീക്ഷയിലെ അതാത് വിഷയങ്ങളിൽ അവസാന വർഷ പരീക്ഷയിൽ ഒന്നാം സ്ഥാനത്തെത്തുന്ന വിദ്യാർത്ഥികൾക്ക് റഗുലേഷൻ പ്രകാരം, സർവ്വകലാശാല ഡയറക്റ്റ് ഗ്രേഡിൽ നിന്നും ഇൻഡയറക്റ്റ് ഗ്രേഡിങ്ങ് സിസ്റ്റത്തിലേക്ക് മാറിയ സാഹചര്യത്തിൽ നിലവിൽ നല്കി വരുന്ന പൊസിഷൻ സർട്ടിഫിക്കറ്റിന് പകരം റാങ്ക് സർട്ടിഫിക്കറ്റ് നല്കുന്നതിന് പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതി ശുപാർശ ചെയ്തത് ബഹു: വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985, ആദ്ധ്യായം 3 10(17) വകുപ്പ് പ്രകാരം അംഗീകരിച്ചിരുന്നു.

പ്രസ്തുത തീരുമാന പ്രകാരം 2013 യു.ജി- സി.ബി.സി.എസ്.എസ്. ബിരുദ റഗുലേഷനിൽ ഭേദഗതി വരുത്തുന്ന വിഷയം അക്കാദമിക്ക് കൗൺസിലിൻെറ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു:വൈസ് ചാൻസിലർ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (2) പ്രകാരം 2013 യു.ജി-സി.ബി.സി.എസ്.എസ്. ബിരുദ റഗുലേഷൻ ഭേദഗതി ചെയ്ത് റാങ്ക് സർട്ടിഫിക്കറ്റ് നല്കുന്നതിനായി അധികമായി റഗുലേഷനിലെ 19(A) എന്ന വകുപ്പ് താഴെ പറയും പ്രകാരം ചേർക്കുന്നതിന് തീരുമാനിച്ചു .

| EXISTING REGULATION | AMENDED REGULATION |
|---|---|
| NIL | **19(A)-RANK CERTIFICATE**<br><br>The University publishes rank list of top 10 candidates for each programme after the publication of 6th semester results. Rank |

| | |
|---|---|
| NIL | certificate shall be issued to candidates who secure positions from 1st to 3rd in the rank list. Candidates who secure positions from 4th to 10th in the rank list shall be issued position certificate indicating their position in the rank list.<br><br>Candidates shall be ranked in the order of merit based on the CGPA scored by them. Rank certificate and position certificate shall be signed by the Controller of Examinations. Grace marks awarded to the students should not be counted for fixing the rank/position. Rank certificate shall be issued to the candidates subject to the norms prevailing in the University regarding the issuance of such certificates. |

അക്കാദമിക്ക് കൗൺസിൽ അംഗീകരിച്ച പ്രസ്തുത വിഷയം 2018 നവംബർ 8-ാം തീയതി കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിച്ചിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഒപ്പ്/-
രമേഷ് നാരായൺ
അസിസ്റ്റൻറ് രജിസ്ട്രാർ – II (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:-

1. വിസി/പിവിസി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. ജെആർII/ഡിആർ/എആർ (അക്കാദമിക്)
4. ബന്ധപ്പെട്ട സെക്ഷനുകൾ
5. എ.സി.സി. സെക്ഷൻ
6. പി.ആർ.ഒ. സെക്ഷൻ
7. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ
8. റിക്കാർഡ്സ് സെക്ഷൻ
9. കരുതൽ ഫയൽ/ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

ഉത്തരവിൻ പ്രകാരം

Majeed

സെക്ഷൻ ഓഫീസർ